പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1638 14.07.2016-ൽ മറുപടിയ്ക്ക്

## കൈനകരിയിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | കൈനകരി പഞ്ചായത്ത് വക സ്ഥലത്ത് കുട്ടികളുടെ നീന്തൽ പരിശീലനത്തിനുവേണ്ടി സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) & (ബി) | കൈനകരി ഗ്രാമപഞ്ചായത്തിന് 2009-10 സാമ്പത്തിക വർഷത്തെ 'പൈക്ക' പദ്ധതിയിലുൾപ്പെടുത്തി 4,50,000/- രൂപ നീന്തൽക്കുള നിർമ്മാണത്തിനായി അനുവദിച്ചിരുന്നു. എന്നാൽ അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ നിന്ന് സമർപ്പിക്കാത്തതിനാൽ ആദ്യഗഡുവായ 3,40,000/- രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.<br>'ടി' ഗ്രാമപഞ്ചായത്തിൽ നിന്ന് നീന്തൽക്കുള നിർമ്മാണത്തിനായി 2015-16 സാമ്പത്തികവർഷം സ്മൈൽ പദ്ധതിയിൽ ലഭിച്ച അപേക്ഷ ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കാനായില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി സ്മൈൽ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ? | | |

Manj M

സെക്ഷൻ ഓഫീസർ